LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ സംഘങ്ങളിൽനിന്നും വാങ്ങുന്ന അരി

46 [1943] ശ്രീമതി മേഴ്സി രവി:
ശ്രീ. എം. എ. വാഹിദ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി അരി വിൽപന നടത്തുന്നുണ്ടോ; എങ്കിൽ അതിനാവശ്യമായ അരി സംഭരിക്കുന്നത് എപ്രകാരമാണ്;

(ബി) ഈ വർഷം ഇതുവരെ എന്തു വിലയ്ക്കാണ് സിവിൽസപ്ലൈസ് കോർപ്പറേഷൻ അരി വാങ്ങിയത്;

(സി) സഹകരണ സംഘങ്ങൾ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി കൊടുത്താൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അത് വാങ്ങാമെന്ന് സഹകരണ സംഘങ്ങളെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരം ഈ വർഷം ഇതുവരെയും എത്ര അരി വാങ്ങിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ആഫീസർ/ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി നെല്ല് സംഭരണ ഏജൻസിയായി അംഗീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽനിന്നും കോർപ്പറേഷൻ മട്ട അരി വാങ്ങുന്നു.

(ബി) കി. ഗ്രാമിന് 12.00 രൂപയ്ക്ക് (പന്ത്രണ്ട് രൂപ മാത്രം).

(സി) ഉണ്ട്.

(ഡി) 838.40 എം. റ്റി. മട്ട അരി.

## സിവിൽ സപ്ലൈസ് കോർപ്പറേഷന് നഷ്ടം ഉണ്ടാക്കിയ ഉദ്യോഗസ്ഥർ

47 [1944] ശ്രീ. ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് 75 കോടി രൂപ നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;